LIBRARY ARCHIVES Kerala Legislative Assembly

നഗരപ്രദേശങ്ങളിലേയും നാഷണൽ ഹൈവേ കടന്നുപോകുന്ന പ്രദേശങ്ങളിലെയും സൗന്ദര്യവൽക്കരണം

35 [587] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. എ. ചന്ദ്രൻ:
,, ഇ. എം. അഗസ്തി:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലും നാഷണൽ ഹൈവേ കടന്നുപോകുന്ന പ്രദേശങ്ങളിലും സൗന്ദര്യവൽക്കരണം നടത്തുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ; എങ്കിൽ അതെന്തെന്നു വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിന് ഈ വർഷം എന്തു തുക മാറ്റിവച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനംവകുപ്പിന്റെ സാമൂഹ്യവത്കരണ പദ്ധതിയനുസരിച്ച് തിരുവനന്തപുരം-നെയ്യാറ്റിൻകര ബൈപ്പാസിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ ദേശീയ പാതയിൽ പലയിടങ്ങളിലും പൂന്തോട്ടങ്ങൾ നിറഞ്ഞ ട്രാഫിക് ഐലന്റുകളും, പുൽമേടുകളും സ്ഥാപിച്ച് മോടിപിടിപ്പിക്കുന്നതിന് സ്വകാര്യ കമ്പനികളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിക്കുന്ന പദ്ധതികൾക്ക് അനുമതി നൽകാറുണ്ട്. സ്വകാര്യ സംരംഭത്തിന് മുഴുവൻ ചിലവും അവർ തന്നെ വഹിക്കുന്നതാണ്.

(ബി) പ്രത്യേക ഫണ്ടൊന്നും മാറ്റിവച്ചിട്ടില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

എം. എൽ. എ. റോഡുകളുടെ നിർമ്മാണം

36 [588] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി എം. എൽ. എ. റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലുള്ള എം. എൽ. എ. റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) കുന്ദമംഗലം-പെരിങ്ങളം-കുറ്റിക്കാട്ടൂർ എം. എൽ. എ. റോഡ് തകർന്ന് ഗതാഗതയോഗ്യമല്ലാതായിത്തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;